**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1445** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ നടത്തിവരുന്ന ഉച്ചഭക്ഷണ പരിപാടി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കുട്ടികളുടെ സജീവ പങ്കാളിത്തത്തോടെയും അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ നേതൃത്ത്വത്തിലും സഹകരണത്തിലും എല്ലാ സ്കൂളുകളിലും അടുക്കള പച്ചക്കറിത്തോട്ടങ്ങൾ സ്ഥാപിക്കുവാനും അതിലൂടെ ലഭ്യമാകുന്ന പച്ചക്കറികൾ ഉച്ചഭക്ഷണ പദ്ധതിക്കായി വിനിയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.ഇതോടൊപ്പം ഈ വർഷം കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള നടപടികളും സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും 20 സ്കൂളുകളിൽ വീതം സോഷ്യൽ ആഡിറ്റ് നടത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഇടുക്കി, വയനാട് ജില്ലകളിലും പാലക്കാട് ജില്ലയിലെ ട്രൈബൽ മേഖലയിലും ടി പദ്ധതിയുടെ ഭാഗമായി എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ 100 ഗ്രാം വീതം കപ്പലണ്ടി മിഠായി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ എല്ലാ സ്കൂളുകളിലും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ ഗുണനിലവാരമുള്ള ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി സ്കൂളുകളിൽ ജൈവകൃഷി രീതിയിലൂന്നിയ അടുക്കള പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ